DESPATCHED
On..26/12/2020
23.1.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 50(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ 86/എസ്.ഐ.സി-ജി 6/19)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.രഞ്ജിത്ത് കെ.ആർ.,
T.C.16/1061,
കെ.ആർ.ഭവൻ, ജഗതി,
തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
   ജൂനിയർ സൂപ്രണ്ട് (ബി.സെക്ഷൻ),
   കളക്ടറേറ്റ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
   ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.),
   ബി സെക്ഷൻ, കളക്ടറേറ്റ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 02.01.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 03.01.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. രഞ്ജിത്ത് കെ.ആർ., 02.01.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 03.01.2019ന് കമ്മീഷൻ ഓഫീസിൽ

ലഭിക്കുകയും ആയത് AP.No.50(2)/19/SIC ആയി ഫയലിൽ സ്വീക രിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 07.11.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ലാന്റ് റവന്യൂ കമ്മീഷണ റുടെ LRD3/12034/2015 ഉത്തരവിന്മേൽ തിരുവനന്തപുരം LR ഡെപ്യൂട്ടി കളക്ടറുടെ ബി18-53826/2016 നമ്പർ നോട്ടീസുകളിന്മേൽ എടുത്ത ഉത്തര വിന്റെ പകർപ്പ് നൽകണമെന്നും LRD3/12034/2015 നമ്പർ ഫയലിന്റെ മുഴു വൻ പകർപ്പ് നൽകണമെന്നുമാണ്. ആയതിന് 02.12.2018ന് മറുപടി നൽകിയ തായി കാണുന്നു. ടി മറുപടിയിൽ ആക്ഷേപമുന്നയിച്ച് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് വിശദമായ മറുപടി 02.12.2018ൽ അയച്ചു നൽകിയിരുന്നുവെന്നും ആയതുപ്രകാരം ടിയാൻ രേഖകൾ നൽകുന്നതിന് ആവശ്യമായ തുക ഒടുക്കുകയോ ടി ഓഫീസിൽ ഹാജരാകുകയോ ചെയ്തിട്ടില്ലെന്നും ടിയാന്റെ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫോൺ നമ്പരിൽ നിരവധി തവണ ബന്ധപ്പെടു കയും ചെയ്തെങ്കിലും ടിയാൻ തുക ഒടുക്കി പകർപ്പുകൾ കൈപ്പറ്റാതെ അപ്പീൽ സമർപ്പിക്കുകയായിരുന്നു എന്നും ടി അപ്പീലിനും 14.12.2018ന് മറുപടി നൽകിയിരുന്നു എന്നുമാണ്. ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട പകർപ്പുകൾക്ക് വിവരാവകാശ നിയമപ്രകാരമുള്ള തുക ഒടുക്കി പകർപ്പ് കൈപ്പറ്റുവാനും എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം രണ്ടാം എതിർക ക്ഷിയെ നേരിട്ട് ബോധിപ്പിക്കുവാനും അറിയിച്ചിരുന്നെങ്കിലും ഹർജിക്കാരൻ ടി ഓഫീസിൽ ഹാജരാകുയോ തുക ഒടുക്കുകയോ ചെയ്യാതെയാണ് കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നതെന്നുമാണ്. കൂടാതെ

ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് നൽകുന്നതിനായി 30/- രൂപ ഒടുക്കാൻ നിർദ്ദേശിച്ചിട്ട് ടിയാൻ തുക ഒടുക്കിയിട്ടില്ലെന്നും ഫീസ് ഒടുക്കി രസീത് ഹാജരാക്കുന്ന മുറയ്ക്ക് ടിയാന് രേഖകൾ നൽകുന്നതാണെന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭ്യമായില്ലെന്ന് ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 02.12.2018ന് ഫീസൊടുക്കാൻ അറിയിച്ചുകൊണ്ട് കത്തു നൽകിയിട്ട് ഫീസൊടുക്കിയില്ലെന്നും മറ്റാരോ ഒപ്പിട്ട് രേഖകൾ കൈപ്പറ്റിയിട്ടുണ്ടെന്നുമാണ്. എന്നാൽ ഹിയറിംഗ് വേളയിൽ കമ്മീഷന്റെ സാന്നിദ്ധ്യത്തിൽ ഹർജിക്കാരന് വിവരങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 23-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/